പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1691

10.03.2020-ൽ മറുപടിക്ക്

## മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ പ്രാദേശിക റോഡുകളുടെ പുനരുദ്ധാരണത്തിനായി മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതി എന്ന ഒരു പാക്കേജ് പ്രഖ്യാപിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഈയിനത്തിൽ തുക ചെലവഴിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) & ബി) ഉണ്ട്. 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന റോഡുകളുടെ നവീകരണത്തിനുള്ള മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കായി 09/01/2020 ലെ സ.ഉ(കൈ) നം.13/2020/ തസ്വഭവ പ്രകാരം സി.എം.ഡി.ആർ.എഫ്-ൽ നിന്നും ആകെ 961.264 കോടി രൂപ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അന്തിമ പട്ടിക തയ്യാറാക്കി വരുന്നു. |
| ബി) ഈയിനത്തിൽ ആകെ വകയിരുത്തിയ തുകയും ഓരോ ജില്ലയിലും തെരഞ്ഞെടുത്ത പ്രവൃത്തികളും ഏതൊക്കെ; ഇവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | |
| സി) ഇപ്രകാരമുള്ള റോഡുകളെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; ഇതിന് നിയോഗിച്ചത് ആരെയൊക്കെയാണ്; വ്യക്തമാക്കുമോ? | സി) സാങ്കേതിക പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രളയാനന്തരം തകർന്ന തദ്ദേശ റോഡുകൾ ആണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ